**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**

**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**

**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**

**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 311/2023**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളിക്കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,
മാർത്തോമ്മൻ പൈതൃകം പരിശുദ്ധ സഭയുടെ സന്തോഷവും കിരീടവുമാണ്. ഈ മഹത്തായ പൈതൃകം നമുക്കായി പകർന്നു തന്ന പരമകാരുണ്യവാനായ ദൈവത്തെ സ്തുതിക്കാം. 2024-ൽ പരിശുദ്ധ സഭ അതിപ്രമുഖമായ ചരിത്ര മുഹൂർത്തങ്ങളിലേക്ക് പ്രവേശിക്കുന്നു. മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം, സഭയുടെ സ്വാതന്ത്ര്യ ശില്പി പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ ചരമനവതി, സഭാ ഭരണഘടനാ രൂപീകരണത്തിന്റെ നവതി എന്നിവ സംയുക്തമായി ആഘോഷിക്കുവാൻ നമ്മൾ ഒരുങ്ങുകയാണ്. ഈ ചരിത്ര മുഹൂർത്തങ്ങൾ പരിശുദ്ധ സഭയുടെ സാക്ഷ്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും അനുഗ്രഹീത സന്ദർഭങ്ങളാണ്.

2024 ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച കോട്ടയത്തെ എം. ഡി. സെമിനാരി മൈതാനത്തുവച്ച് ***മാർത്തോമ്മൻ പൈതൃക സമ്മേളനം*** ഉച്ചകഴിഞ്ഞ് 2 മണി മുതൽ നടത്തുവാൻ പരിശുദ്ധ സുന്നഹദോസും, സഭാ സമിതികളും തീരുമാനിച്ച വിവരം സന്തോഷത്തോടെ നാം നിങ്ങളെ അറിയിക്കുന്നു. ഉച്ചകഴിഞ്ഞ് 2 മണിക്ക് മാർത്തോമ്മൻ പൈതൃക റാലിയും തുടർന്ന് മത സാമുദായിക സാംസ്കാരിക മണ്ഡലങ്ങളിലെ പ്രമുഖർ പങ്കെടുക്കുന്ന പൊതു സമ്മേളനവും ക്രമീകരിക്കുവാൻ ആഗ്രഹിക്കുന്നു. ഈ സമ്മേളന നടത്തിപ്പിനായി നാം ചെയർമാനും നമ്മുടെ സഹോദര മെത്രാപ്പൊലീത്താമാർ വൈസ് ചെയർമാന്മാരും, സഭാ ട്രസ്റ്റിമാർ കൺവീനർമാരും, അസോസിയേഷൻ സെക്രട്ടറി ജനറൽ കൺവീനറുമായി വിപുലമായ കമ്മറ്റി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. നമ്മുടെ ഇടവകകളുടെ സഹകരണം ഈ സമ്മേളനത്തിന്റെ വിജയത്തിന് അനിവാര്യമാണ്. ഓരോ ഇടവകയും അവരവരുടെ അംഗസഖ്യയ്ക്ക് അനുസരിച്ച് വാഹനം മുൻകൂട്ടി ക്രമീകരിച്ച് പള്ളി ചിലവിൽ പരമാവധി അംഗങ്ങളെ സമ്മേളനത്തിൽ പങ്കെടുപ്പിക്കണമെന്ന് സ്നേഹത്തോടെ കർശനമായി നാം നിങ്ങളോട് ആവശ്യപ്പെടുന്നു.

ഈ പൈതൃക സമ്മേളനത്തിന് മുന്നോടിയായി നടത്തപ്പെടുന്ന സന്ദേശ യാത്രകൾക്ക് നമ്മുടെ മെത്രാപ്പോലീത്തമാരും സഭാസ്ഥാനികളും നേതൃത്വം നൽകും. ഈ സന്ദേശ യാത്രകളെ സ്വീകരിക്കാനുള്ള ഉചിതമായ ക്രമീകരണങ്ങൾ ഇടവക തലത്തിലും ഭദ്രാസനതലത്തിലും ഉണ്ടാകണം.

വീണ്ടും പ്രിയരേ, നാം മാർത്തോമ്മാ ശ്ലീഹായുടെ മക്കളാണ്. ഈ മഹത്തായ പൈതൃകം നമ്മുടെ ആത്മബോധത്തിന്റെ ഉണർത്തുപാട്ടാണ്. നമ്മുടെ മണ്ണിൽ ഈ അനുഗ്രഹീത സാക്ഷ്യത്തെ ഉയർത്തിപിടിച്ച് പ്രഘോഷിക്കേണ്ടത് നമ്മുടെ അനിവാര്യമായ കടപ്പാടും നിയോഗവുമാണ്. ഈ സമ്മേളനങ്ങളുടെ ചരിത്രപരവും കാലികവുമായ അനിവാര്യത ഉൾക്കൊണ്ട് നമ്മുടെ സഭാ മക്കൾ ഉണർന്നു പ്രവർത്തിക്കും എന്നാണ് നമ്മുടെ ഉത്തമ ബോധ്യം എല്ലാ വൈദികരും അവരവർ ശുശ്രൂഷിക്കുന്ന ഇടവകയുടെ പൂർണ്ണ പങ്കാളിത്തം സമ്മേളനത്തിൽ ഉറപ്പാക്കണം.

ഈ സമ്മേളനത്തിന്റെ വിജയത്തിനായി നിങ്ങൾ ഏവരും പ്രാർത്ഥനയിൽ തുടരണം. ഇടവക തലത്തിൽ മാർത്തോമ്മൻ പൈതൃകത്തെ പറ്റിയുള്ള ബോധവൽക്കരണം ഇപ്പോൾ തന്നെ ആരംഭിക്കണം. എല്ലാവരുടെയും നിർലോഭമായ സാന്നിദ്ധ്യ സഹകരണങ്ങൾ നാം പ്രതീക്ഷിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

2023 ഡിസംബർ മാസം 15-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**